കോവിഡുമായി ബന്ധപ്പെട്ട് വ്യാജപ്രചരണങ്ങൾക്കെതിരെ നടപടിയുമായി റൂറൽ ജില്ലാ പോലീസ്. സോഷ്യൽ മീഡിയാ വഴിയും മറ്റും ആശയക്കുഴപ്പമുണ്ടാക്കുന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് ജില്ലാ പോലീസ് മേധാവി കെ. കാർത്തിക്ക് പറഞ്ഞു. ഇതിനെതിരെ ശക്തമായ നടപടി സ്വീകരിക്കും. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഇത്തരം 25 ഓളം കേസുകൾ രജിസ്റ്റർ ചെയ്തു. സോഷ്യൽ മീഡിയാ നിരീക്ഷണത്തിനായി പ്രത്യേക വിംഗ് രുപീകരിച്ചിട്ടുണ്ട്. ഇവർ 24 മണിക്കൂറും പരിശോധന നടത്തുന്നു. അതിഥി തൊഴിലാളികളുടെ ഇടയിൽ തെറ്റിദ്ധാരണ പരത്തുവാനുള്ള ശ്രമം അനുവദിക്കില്ല. ഇത്തരം പ്രചരണം നടത്തുന്നവർക്കെതിരെ സ്വമേധയാ കേസെടുക്കും. അതിഥി തൊഴിലാളികൾക്കായി ജില്ലാ പോലിസ് ആസ്ഥാനത്ത് പ്രത്യേക കൺട്രോൾ റൂം പ്രവർത്തിക്കുന്നുണ്ട്. തൊഴിലാളികളുടെ ക്യാമ്പിൽ അവരുടെ ഭാഷയിൽ ബോധവൽക്കരണം നടത്തുന്നുണ്ട്. പെരുമ്പാവൂർ, മൂവാറ്റുപുഴ പ്രദേശങ്ങളിലെ ക്യാമ്പുകൾ എസ്.പി നേരിട്ട് സന്ദർശിക്കുകയും, അവരുമായി ആശയവിനിമയം നടത്തുകയും ചെയ്തിരുന്നു. നിലവിലെ സംവിധാനങ്ങളിൽ തൊഴിലാളികൾ സംതൃപ്തരാണെന്ന് അവർ എസ്.പി യോട് പറഞ്ഞു. ജനങ്ങളുടെ ഉപജീവനത്തിന് തടസം വരാത്ത രീതിയിലുള്ള നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് എസ്.പി കെ. കാർത്തിക്ക് പറഞ്ഞു.